# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/കെ റ്റി എം പി -6-1041/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/09/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെ റ്റി എം പി -6-1041/21 തീയ്യതി: 15/09/2021

## കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രതീഷ് സി ആർ , ഓഡിറ്റ് ഓഫീസർ
സ്മിതാ ജി നായർ , അസി. ഓഡിറ്റ് ഓഫീസർ
സുമേഷ് പി വി , അസി. ഓഡിറ്റ് ഓഫീസർ
ആൽബിൻ സിറിയക് , ഓഡിറ്റർ
ബീനാകുമാരി റ്റി വി , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.വി.ഹരിക്കുട്ടൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി മീര എൻ.മേനോൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റേച്ചൽ സോഫിയ അലക്സാണ്ടർ | കൃഷി ഓഫീസർ | 01-04-2019 | 28-11-2019 |
| ശ്രീമതി ലിറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | 29-11-2019 | 31-03-2020 |
| ശ്രീ.അനു കെ.ജോസഫ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.മനോജ്കുമാർ എം. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ബി.അനിൽകുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി മറ്റം മെറിറ്റ് കുര്യൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ജിജിമോൻ എം.റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി സൂര്യ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺ എൻ.എസ്. | വി.ഇ.ഒ | 01-04-2019 | 01-07-2019 |
| ശ്രീമതി ജിഷ | വി.ഇ.ഒ | 02-07-2019 | 31-03-2020 |
| ഡോ.ലിറ്റി തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.സുധിൻ കൃഷ്ണൻ റ്റി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 20-08-2020 |
| ഡോ.വിദ്യ എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.നമിത കെ.ആർ. | മെഡിക്കൽ ഓഫീസർ, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| എം.വിജയകുമാർ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുചിത്ര കെ.എസ്. | എൈ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Smitha G Nair (Asst. Audit Officer, On 13-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 13-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Smitha G Nair (Asst. Audit Officer, On 13-08-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 15-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Beenakumari T V (Auditor, On 11-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-10 |
| 11 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-12 |
| 13 | കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-13 |
| 14 | മെഡിക്കൽ ഓഫീസർ സി.എച്ച് .സി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-14 |
| 15 | ഏത്തവാഴകൃഷി വികസനം -ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-15 |
| 16 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ഉപകരണങ്ങൾ ലഭ്യമായില്ല തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Ambili.U (Senior Grade Auditor, On 15-09-2021) | 1-16 |

| | | |
|---|---|---|
| 17 | കുടിവെള്ള കണക്ഷൻ - കണക്ഷൻ വിവരമില്ല.<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-17 |
| 18 | 2019-20 വർഷം വെറ്റിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 1-18 |
| 19 | വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Sumesh P V (Asst. Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 26-08-2021) | 4-11 |
| | **അനുബന്ധം** | |
| 1 | | |

| | ഓഡിറ്റ് സാക്ഷ്യപത്രം |
|---|---|

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 വർഷത്തെ ബജറ്റ് 26.02.2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 06.03.20 തീയതിയിലെ IV നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1417997 | 7234202 |
| വരവ് | 174480937 | 51858699 |
| ആകെ | 175898934 | 59092901 |
| ചെലവ് | 174915780 | 51706347 |
| നീക്കിയിരിപ്പ് | 983154 | 7386554 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.05.20-ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 7234202 രൂപയും തൻവർഷ വരവ് 51858699 രൂപയും തൻവർഷചെലവ് 51706347രൂപയും വർഷാവസാന നീക്കിയിരിപ്പ് 7386554രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 104213634രൂപയും ആകെ ചെലവ് 107286914 രൂപയും ആകുന്നു. 2019-20സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്നത് അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

4)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7234202 |
| ഓഡിറ്റ് വർഷത്തെ വരവ് | 51858699 |
| ആകെ | 59092901 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51706347 |
| നീക്കിയിരിപ്പ് | 7386554 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ | 478620 |

| | |
|---|---|
| തുക | |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21928000 | 21928000 | 12209870 | 9718130 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6531000 | 6531000 | 4384581 | 2146419 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 106000 | 106000 | 105500 | 500 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 2784000 | 2784000 | 932884 | 1851116 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 3718000 | 3718000 | 2761199 | 956801 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9764407 | 9764407 | 3269583 | 6494824 |
| എം.ജി എൻ.ആർ.ഇ.ജി.എസ് | 880 | 42331512 | 42332392 | 42332392 | 0 |
| എസ്.എസ്.എ | 42886 | 1475 | 44361 | 0 | 44361 |
| ഐ.സി.ഡി.എസ് | 689332 | 701029 | 1390361 | 940721 | 449640 |
| റ്റി.എസ്.സി | 22900 | 16800 | 39700 | 33600 | 6100 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 479308 | 1390000 | 1869308 | 1626923 | 242385 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 500000 | 1224675 | 1724675 | 1604670 | 120005 |

1. ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 06.03.20ലെ ഉത്തരവ് നം.2707/18/DPO/DPC/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 10.10.18 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 05.11.18 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 10.11.18 മുതൽ 16.11.18വരെ |
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 14.11.2018 |
| വികസനസെമിനാർ | 24.11.2018 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 98253445/-രൂപയും ആകെ ചെലവ് 38645292/-രൂപയുമാണ്.

ചെലവുശതമാനം 39 %.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 2673310 | 1704630 | 63.76 |
| വെറ്ററിനറി സർജൻ | 15 | 12 | 4560000 | 2496342 | 55 |
| എം.ഒ (പിഎച്ച്സി) | 11 | 11 | 3070770 | 2641975 | 86 |
| എം.ഒ(ഹോമിയോ) | 2 | 2 | 252750 | 252750 | 100 |
| എം.ഒ (ആയുർവേദം)) | 4 | 4 | 884095 | 817864 | 93 |
| വി ഇ ഒ-1 | 4 | 3 | 1324306 | 608102 | 46 |
| വി ഇ ഒ-2 | 13 | 12 | 42031857 | 14156679 | 34 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 3053545 | 2843070 | 93 |
| സെക്രട്ടറി | 19 | 15 | 4385330 | 3301356 | 75 |
| അസി.എൻജിനീയർ - എൽ.എസ്.ജി.ഡി | 83 | 32 | 31705653 | 6786619 | 21 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 600000 | 522500 | 87 |
| ഹെഡ്മാസ്റ്റർ | 5 | 4 | 1280000 | 958400 | 75 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 504054 | 271554 | 54 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1927775 | 1283451 | 67 |
| ആകെ | 184 | 119 | 98253445 | 38645292 | 39 |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 21167790 രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>

| ഫണ്ടിനം | ആകെവരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 21928000 | 12209870 | 9718130 |
| വികസന ഫണ്ട്- എസ്.സി.പി | 6531000 | 4384581 | 2146419 |
| വികസന ഫണ്ട്- ടി.എസ്.പി | 106000 | 105500 | 500 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 2784000 | 932884 | 1851116 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 3718000 | 2761199 | 956801 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9764407 | 3269583 | 6494824 |
| ആകെ | 44831407 | 23663617 | 21167790 |

രണ്ട് കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വിവിധമേഖലകളിലെ വികസനത്തിന് ഉപയോഗിക്കേണ്ട തുകകൾ ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ് . ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

2019-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം പ്രവർത്തിച്ചിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-2020 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 412 പ്രോജക്ടുകളിൽ 357 എണ്ണം തൻവർഷം നടപ്പിലാക്കി. 132312 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1745 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 307 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ആട്ടിൻകൂട് നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം, മഴക്കുഴി നിർമ്മാണം, നഴ്സറി നിർമ്മാണം, കുളം നവീകരണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 880 |
| വരവ് | ഇ.എഫ്.എം.എസ് വരവ് | 406683555 | |
| | ക്യാഷ് വരവ് | 1663157 | |
| ആകെ വരവ് | | | 42332392 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 35880986 | |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 468536 | |
| | ഉപകരണങ്ങളുടെ വില, വാടക | 4318833 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1664037 | |
| ആകെ ചെലവ് | | | 42332392 |
| നീക്കിയിരിപ്പ് | | | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 151920 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 1718400 | 590 |
| വിധവാപെൻഷൻ | 3147000 | 1090 |
| വാർദ്ധക്യകാലപെൻഷൻ | 11939700 | 4723 |
| വികലാംഗപെൻഷൻ | 1540700 | 514 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |
| അവിവാഹിത സ്ത്രീ പെൻഷൻ | 270000 | 95 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ ക്യാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2021 | 3/20 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2014 | 2007-08 മുതൽ2011-12 വരെ | 19.06.2012 ലെ എച്ച് ബി എ (എച്ച് ക്യു) 2/8 എ 1819/ ജെ5 |

## 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പരിശോധനക്കായി ഹാജരാക്കിയ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ചെറിയാൻസ് മൊസൈക്ക് ഇൻഡസ്ട്രീസ് | 2 |
| 2 | ഐ.എ.എച്ച് ക്യാൻഡീൻ | 2 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് വിറ്റു വരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ചെറിയാൻസ് മൊസൈക്ക് ഇൻഡസ്ട്രീസ് | 2 |
| 2 | ആലപ്പി പാഴ്സൽ സർവ്വീസ് | 2 |
| 3 | ഐ.എ.എച്ച് ക്യാന്റീൻ | 2 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/17-08-21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-13 കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.

2019-20 സാമ്പത്തിക വർഷം ശ്രീ അരുൺ ജിതേഷ്, എച്ച്.സി യുടെ സാലറി റിക്കവറി ഇനത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ച തുകകൾ ഒടുക്കിയതിന്റെ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ വിശദാംശങ്ങൾ | തുക |
|---|---|---|
| 1 | വൗച്ചർ നം 21901258 തീയതി 01.02.20- കെ.എസ്.എഫ്.ഇ തിരിച്ചടവ് | 6000 |
| 2 | വൗച്ചർ നം 21901259 തീയതി 01.02.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ് | 6000 |
| 3 | വൗച്ചർ നം 21901409 തീയതി 05.03.20- കെ.എസ്.എഫ്.ഇ തിരിച്ചടവ് തിരിച്ചടവ് | 6000 |
| 4 | വൗച്ചർ നം 21901410 തീയതി 05.03.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ് | 6000 |
| | ആകെ | 24000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/17.08.2021) കൈപ്പറ്റ് രസീതുകൾ ഹാജരാക്കുന്നതാണെന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകേണ്ടതും ആയത് ലഭ്യമാക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 മെഡിക്കൽ ഓഫീസർ സി.എച്ച് .സി നിർവ്വഹിച്ച വിവിധ പ്രോജക്കുകളിലെ അപാകതകൾ

2019- 20 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച് .സി നിർവ്വഹിച്ച വിവിധ പ്രോജക്കുകളിലെ അപാകതകൾ

ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രോജക്ട് - വാഹനവാടകയിനത്തിൽ അധികച്ചെലവ്.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/20 |
| ചെലവ് , ഫണ്ടിനം | 454385 (വികസനഫണ്ട്) |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.15 ലെ ജി.ഒ (എം.എസ്) 3217/15 നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന് വാഹന വാടകയിനത്തിൽ നൽകാവുന്ന പരമാവധി തുക 1100 രൂപയാണ്. എന്നാൽ 1250 രൂപ വീതമാണ് തൻവർഷം നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ,തീയതി | കാലയളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| 5/19-20, 13.8.19 | 4/19-7/19 | 62x1250=77500 | 62x1100=68200 | 9300 |
| 8/19-20, 17.9.19 | 8/19 | 16x1250=20000 | 16x1100=17600 | 2400 |
| 9/19-20, 16.10.19 | 9/19 | 15x1250=18750 | 15x1100=16500 | 2250 |
| 10/19-20, 14.11.19 | 10/19 | 16x1250=20000 | 16x1100=17600 | 2400 |
| 11/19-20, 13.12.19 | 11/19 | 16x1250=20000 | 16x1100=17600 | 2400 |
| 15/19-20, 21.1.20 | 12/19 | 16x1250=20000 | 16x1100=17600 | 2400 |
| 16/19-20,11.2.20 | 1/20 | 16x1250=20000 | 16x1100=17600 | 2400 |
| 19/19-20,11.2.20 | 2/20 | 16x1250=20000 | 16x1100=17600 | 2400 |
| | | | ആകെ | 25950 |

2) .

| | |
|---|---|
| പ്രോജക്ട് നമ്പർ | 112/20 സ്പിൽ ഓവർ |
| ചെലവ് , ഫണ്ടിനം | 91350 (വികസനഫണ്ട്) |
| ബിൽ നമ്പർ തീയതി | 3/30.4.19 |

മേൽ പ്രോജക്ടിനായി 3/19 ൽ വാഹനം ഓടിയ ഇനത്തിൽ 12 ദിവസത്തേക്ക് 1250 രൂപ നിരക്കിൽ 15000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 1100 രൂപ നിരക്കിൽ 13200 രൂപയ്ക്കാണ് അർഹത. 1800 രൂപ അധികമായി നൽകിയിട്ടുണ്ട്.

ചെറിയ വാഹനങ്ങളുടെ ക്വട്ടേഷൻ ലഭിക്കാത്തതുമൂലം സൈലോ എന്ന മൈലേജ് കുറഞ്ഞ വാഹനമാണ് ടി വർഷം ഉപയോഗിച്ചതെന്നും 2018-19 ലെ ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാട്ടിയതനുസരിച്ച് 2020-21 മുതൽ അപാകത പരിഹരിച്ചിട്ടുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/12.08.2021) ലഭ്യമായ മറുപടി. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

2) വൃദ്ധജന പരിപാലനം- മാർഗ്ഗരേഖയിൽ പറയാത്ത ഇനത്തിന് വികസനഫണ്ട് ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/20 |
| ചെലവ് , ഫണ്ടിനം | 93215 (വികസനഫണ്ട്) |
| ബിൽ നമ്പർ തീയതി | 20/13.3.20 |

മേൽ പ്രോജക്ടിൽ വൃദ്ധജനങ്ങളുമായി ടൂർ പോയതിന് 19400 രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ (എം.എസ്) 22/18/ ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 8.4 പ്രകാരം ഉൽപ്പാദനക്ഷമമല്ലാത്ത വിനോദയാത്രപോലുള്ള ആവശ്യങ്ങൾക്ക് വികസനഫണ്ട് ചെലവഴിക്കരുതെന്ന് പരാമർശിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കില്ലെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/12.08.2021) ലഭ്യമായ മറുപടി. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടിന്റെ നിർവ്വഹണം നടത്തേണ്ടതുമാണ്.

## 1-15 ഏത്തവാഴകൃഷി വികസനം -ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 07/20, ഏത്തവാഴകൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 389488 |

മേൽ പ്രോജക്ട് പ്രകാരം കർഷകർ സബ്സിഡി നിരക്കിൽ ജൈവവളം /രാസവളം വാങ്ങിയതിന് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3850, വടയാർ കാർഷിക് എസ് സി ബി എന്നിവരുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ സർക്കുലർ ഡി എ1/553/2018/ തസ്വഭവ തീയതി 30/07/18 കൃഷി ആവശ്യങ്ങൾക്ക് രാസവളങ്ങൾ സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും വാങ്ങിയതിന് ശേഷം ഒറിജിനൽ ബിൽ കൃഷി ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (2/10.09.2021) നിലവിൽ അവലംബിക്കുന്ന രീതിയനുസരിച്ച് കൂടുതൽ സുതാര്യത ഉറപ്പു വരുത്താമെന്നും സർക്കുലർ പ്രകാരമുള്ള രീതിയനുസരിച്ച് കർഷകർ സ്വന്തം കയ്യിൽ നിന്ന് പൂർണ്ണമായും തുക ചെലവഴിച്ചാൽ മാത്രമേ വളം വാങ്ങാൻ സാധിക്കു എന്നും ഇത് കൃഷിയുടെ വിളവിനെ പ്രതികൂലമായി ബാധിക്കുമെന്നും ഇതു മൂലമാണ് സൊസൈറ്റിയിൽ നിന്നും കൃഷി ഭവൻ നൽകുന്ന പെർമിറ്റ് മുഖാന്തരം വളം വാങ്ങുന്ന രീതി തുടരുന്നതെന്നും അറിയിച്ചു. സർക്കാർ ഉത്തരവുകൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ഉപകരണങ്ങൾ ലഭ്യമായില്ല.തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 66/20,കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 55320 |
| ബിൽ നം | XY 2694609/23.12.19 |

CPRCS ലെ വ്യവസ്ഥകൾ അനുസരിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന്റെ 03/02/20 ലെ പ്രോഫോമ ഇൻവോയിസ് പ്രകാരം 40469 രൂപ ഡെസ്ക്ടോപ്പിനും 14851 രൂപ മൾട്ടി ഫംഗ്ഷൻ പ്രിന്ററിനും ഉൾപ്പെടെ 55320 രൂപ ഐ റ്റി മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 30/12/2019 വരെയാണ് പ്രസ്തുത പ്രോഫോമ ഇൻവോയ്സ് പ്രകാരമുള്ള വാലിഡിറ്റി. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല. കെൽട്രോണിൽ അടച്ച തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.1/10.08.2021) തുക തിരികെ

ലഭിക്കാനാവശ്യപ്പെട്ട് ഐ റ്റി മിഷൻ സെക്രട്ടറിക്ക് 2/8/21 ൽ കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ലഭിക്കുന്നതുവരെ പ്രോജക്റ്റിന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-17 കുടിവെള്ള കണക്ഷൻ - കണക്ഷൻ വിവരമില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 35/19 |
| ചെലവ് , ഫണ്ടിനം | 350461, വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ, തീയതി | 6/19-20, 30.8.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

2019-20 വർഷം അസി.സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്റ്റ് പ്രകാരം കുടിവെള്ള കണക്ഷന് സബ്സിഡിയായി അംബിക മധു , പീടികത്തറ എന്ന ഗുണഭോക്താവിന് 10000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാരി കുടിവെള്ള കണക്ഷനെടുത്തതായുള്ള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കണക്ഷൻ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/12.08.2021 ) മറുപടി ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കണക്ഷൻ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 2019-20 വർഷം വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്റ്റുകളിലെ അപാകതകൾ

1) കന്നുകുട്ടിപരിപാലനം- കാലിത്തീറ്റ വിതരണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 22/20 |
| ചെലവ്, ഫണ്ടിനം | 312500<br>വികസനഫണ്ട് |
| ബിൽ നമ്പർ,തീയതി | 7/19-20, 21.11.19 |

കന്നുകുട്ടിപരിപാലനം എന്ന പ്രോജക്റ്റിനായി വികസനഫണ്ടിൽ നിന്നും 312500 രൂപ പിൻവലിച്ച് അസി. ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആകെ 50 കിടാരികൾക്ക് കാലിത്തീറ്റ നൽകുകയായിരുന്നു ലക്ഷ്യം. 10. 7. 19 ലെ 1(3) നമ്പർ കമ്മറ്റിത്തീരുമാനപ്രകാരം പാലാങ്കടവിലുള്ള മിൽക്ക് സൊസൈറ്റിയെ കാലിത്തീറ്റ വിതരണ ചുമതലയേൽപ്പിച്ചു. 3/2020 മുതൽ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ രാഗിണി വല്ലാഴത്ത് എന്ന ഗുണഭോക്താവ് 6/20 ന് ശേഷവും പ്രിൻസി സാം കണ്ടത്തിൽ 9/2020 ന് ശേഷവും പ്രഭാവതി മഠത്തിപ്പറമ്പ് , രമണി വാളംപള്ളി നികർത്തിൽ എന്നീ ഗുണഭോക്താക്കൾ 8/2020 ന് ശേഷവും നാളിതുവരെ കാലിത്തീറ്റ വാങ്ങിയിട്ടില്ല. ശോഭന കുമാരഭവനം എന്ന ഗുണഭോക്താവ് 7/20 , 8/20 മാസങ്ങളിലും രാജമ്മ കുഞ്ചൻതറ 10/20, 11/20 , 12/20 മാസങ്ങളിലും കാലിത്തീറ്റ വാങ്ങിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/12.08.2021 ) മറുപടി ലഭ്യമായില്ല. മറുപടി ലഭ്യമാക്കുന്നതിലേക്കായി 312500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) തെരുവുനായ വന്ധ്യംകരണ പദ്ധതി- വിനിയോഗവിവരമില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 123/20 |
| ചെലവ്, ഫണ്ടിനം | 100800<br>തനത്ഫണ്ട് |
| ചെക്ക് നമ്പർ,തീയതി | 2694608/21.12.19 |

മേൽ പ്രോജക്റ്റ് പ്രകാരം തെരുവ് നായ പ്രജനന നിയന്ത്രണത്തിനായി 100800 രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിക്ക് നല്കിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 100800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 വിനിയോഗ വിവരം ലഭ്യമല്ല

താഴെ ചേർക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ | പദ്ധതി | സ്ഥാപനം | ബിൽ നം. / തീയതി | തുക |
|---|---|---|---|---|
| SO 01/20 | IKM പ്രവർത്തന ഫണ്ട് -2019-20 | IKM | 10/27.7.19 | 70840 |

ടി പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 16.08.2021-17.08.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 50000 | അനുപൂരകപോഷകാഹാരം | 50000 | - |
| | 240000 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 240000 | |
| | 100000 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് | 100000 | |
| | 1000000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1000000 | |
| | 236923 | ലൈഫ് ഫേസ് 2 എസ്.സി.പി. | 236923 | |
| | 200000 | മൂട്ടത്തുകളം സംരക്ഷണം | 0 | 200000 |
| | 42385 | ആശ്വാസ കിരണം | 0 | 42385 |
| കോട്ടയം ജില്ലാ | 124675 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് | 124675 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | സ്കോളർഷിപ്പ് | | |
| | 1100000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1100000 | 0 |
| | 500000 | തോടുകൾ ആഴം കൂട്ടൽ | 379995 | 120005 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ,തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്.ഇ.ബി. | വൈദ്യുതലൈൻ മാറ്റി സ്ഥാപിക്കൽ | 34192 | 21900447/27.7.19 | - | 34192 |
| കെൽട്രോൺ | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് | 194054 | 21901110/16.12.19=90000<br>21901466/16.12.19=100000<br>21900865/16.12.19=4054 | - | 194054 |
| കെൽട്രോൺ | കൃഷിഭവനിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 55320 | 21901052/16.12.19 | - | 55320 |
| കെ.ഇ.എൽ. | കണ്ണംകുളത്ത് ഉക്കുപാലം അറ്റകുറ്റപ്പണി | 358615 | 21900556/14.8.19 | - | 358615 |
| കെൽട്രോൺ | എ.ഇ, എൽ.എസ്.ജി.ഡി. ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 53079 | 21900920=16.11.19 | - | 53079 |
| | വി.ഇ.ഒ.ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 55320 | 21901111/16.12.19 | - | 55320 |
| | ആയുർവേദ ആശുപത്രിയിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 40469 | 21901116/16.12.19 | - | 40469 |
| ആർദ്രം മിഷൻ | പി.എച്ച്.സി. കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനായുള്ള നിർമ്മാണ പ്രവൃത്തികൾക്കും മറ്റു ചെലവുകൾക്കുമായുള്ള വിഹിതം | 1250000 | 21900711/7.9.19 | - | 1250000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | ജി ഒ(എം.എസ്) | 12240000 | 8973419 | 1058824 | - | 11181176 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷികപദ്ധതിയും കൃഷിഭവനം, ശിശുക്ഷേമം | - |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51858699 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51706347 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 478620 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 55320 | ശ്രീമതി.ലിറ്റി വർഗ്ഗീസ്, കൃഷി ഓഫീസർ |
| 1-17 | 10000 | ശ്രീ.ലിജിമോൻ.എം.റ്റി, അസി.സെക്രട്ടറി |
| 1-18(1) | 312500 | ഡോ. ബി അനിൽകുമാർ, വെറ്റിനറി സർജൻ |
| | | |

| | | |
|---|---|---|
| 1-18(2) | 100800 | ഡോ. ബി അനിൽകുമാർ, വെറ്റിനറി സർജൻ |
| ആകെ | 478620 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00, 2000-01, 2001-02 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(1)/18/ 16.02.18 |
| 2002-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(3)/18/ 09.01.18 |
| 2003-04ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(4)/18/ 08.01.18 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(5)/18/ 08.01.18 |
| 2005-06 | എൽ.എഫ്.കെ.പി6/1109/11 22.6.12 |
| 2006-07 | എൽ.എഫ്.കെ.പി6/1467/13 7.12.13 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(6)/18/ 09.01.18 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(7)/18 09.01.18 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.പി6/1264(1)/16/15.03.17 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(1)/16/13.03.17 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(2)/16/25.04.17 |
| 2012-13 | എൽ.എഫ്.കെ.പി.6/988/14 /7.7.15 |
| 2013-14, 2014-15 | കെ.എസ്.എ കെടിഎം പി6 /294/17 05.04.17 |
| 2015-16 | കെ.എസ്.എ കെടിഎം പി6/ 1788/16 16.08.17 |
| 2016-17 | കെ.എസ്.എ കെടിഎം പി6/ 1402/17 29.11.17 |
| 2017-18 | കെ.എസ്.എ കെടിഎം പി6/ 1964/18 29.10.18/14.11.18 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.6/1869/2019 /10.01.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്